ചേർന്ന് 60 റെയ്ഡുകൾ നടത്തുകയും 19 പേരെ അറസ്റ്റ് ചെയ്യുകയും 5 പേരെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടിയെടുക്കുകയും ചെയ്തു. 853.85 മെട്രിക് ടൺ അരി, 56.61 മെട്രിക് ടൺ ഗോതമ്പ്, 6.4 മെട്രിക് ടൺ പഞ്ചസാര, 24.76 കിലോലിറ്റർ മണ്ണെണ്ണ, 963 ഗ്യാസ് സിലിണ്ടറുകൾ എന്നിവ പിടിച്ചെടുക്കുകയും 34.20 ലക്ഷംരൂപ പിഴയായി ഈടാക്കുകയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5303 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കള്ളക്കടത്ത് നടത്തിയത് കണ്ടെത്തിയിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങൾ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യസാധന നിയമപ്രകാരവും നടപടിയെടുത്തുവരുന്നു. കർശനമായ പരിശോധന സംവിധാനം ഇന്ന് നിലവിലുണ്ട്.

പുതിയ റേഷൻ കാർഡുകൾ

168 (5253) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ റേഷൻകാർഡുകൾ എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ആലോചിക്കുന്നത് ?

ഉത്തരം

മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ പുതിയ റേഷൻ കാർഡുകൾ 1-9-2015-ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

പുതിയ താലൂക്കുകളിൽ സിവിൽസപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ

169 (5254) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച താലൂക്കുകളിൽ സിവിൽസപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇവ എന്നത്തേക്ക് പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 12 പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ തസ്തികകൾ സൃഷ്ടിക്കുന്നതിനും 13-7-2015-ലെ സ.ഉ.(കൈ)നമ്പർ20/2015/ഭ.പൊ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പുതിയ താലൂക്കുകളിൽ സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ജീവനക്കാരുടെ പുനർവിന്യാസം തുടങ്ങിയ കാര്യങ്ങൾ പ്രാരംഭദിശയിലാണ്. ടി കാര്യങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്കുമാത്രമേ പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കുകയുള്ളൂ.

പുതിയ മാവേലി സ്റ്റോറുകൾ

170 (5255) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്.

(ബി) കേരളത്തിൽ ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 45 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 45 പഞ്ചായത്തുകളിൽക്കൂടി

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly